# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksapta/p10/1313/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/12/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksapta/p10/1313/22 തീയ്യതി: 12/12/2022

## പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 16-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2022 | 26-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-11-2022 | 26-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മഹേഷ്കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പുഷ്പവല്ലി ടി വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മൈക്കിൾ സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 02-07-2021 |
| ശ്രീ. ഗോവിന്ദൻ നമ്പൂതിരി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-07-2021 | 31-03-2022 |
| ശ്രീ. ഷെൺബഗനാരായൺ എം | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ലീല എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 09-12-2021 |
| ഡോ. സംഗീത വി സി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10-12-2021 | 31-03-2022 |
| ഡോ. മിനി എം ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 06-12-2021 |
| ഡോ. ഗായത്രി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 07-12-2021 | 31-03-2022 |
| ശ്രീമതി ഷീജ എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 04-07-2021 |
| ശ്രീമതി വീണ ആർ രതം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-07-2021 | 31-03-2022 |
| ഡോ. ദിവ്യ മോഹൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ. ഗണേശ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2021 | 31-03-2022 |
| ശ്രീ. ഗണേശ് എസ് (അധിക ചുമതല) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2021 | 17-11-2021 |
| ശ്രീമതി രമ്യ കെ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 18-11-2021 | 17-12-2021 |
| ശ്രീ. ഗണേശ് എസ് | വില്ലേജ് എക്സ്റ്റൻഷൻ | 18-12-2021 | 10-01-2022 |

| | | | |
|---|---|---|---|
| (അധിക ചുമതല) | ഓഫീസർ-2 | | |
| ശ്രീമതി സംഗീത സി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 11-01-2022 | 09-03-2022 |
| ശ്രീ. ഗണേശ് എസ് (അധിക ചുമതല) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 10-03-2022 | 24-03-2022 |
| ശ്രീ. അലി അക്ബർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 25-03-2022 | 31-03-2022 |
| ശ്രീമതി ആലിയ ഫർസാന | കൃഷി ഓഫീസർ | 01-04-2021 | 04-10-2021 |
| ശ്രീ. ഗിരീഷ് പി എസ് (അധിക ചുമതല) | കൃഷി ഓഫീസർ | 05-10-2021 | 29-10-2021 |
| ശ്രീ. സിബിൻ ജെ ദാസ് | കൃഷി ഓഫീസർ | 30-10-2021 | 15-02-2022 |
| ശ്രീ. ഗിരീഷ് പി എസ് (അധിക ചുമതല) | കൃഷി ഓഫീസർ | 16-02-2022 | 16-03-2022 |
| ശ്രീമതി ഷേർളി തോമസ് (അധിക ചുമതല) | കൃഷി ഓഫീസർ | 17-03-2022 | 29-03-2022 |
| ശ്രീ. ഗിരീഷ് പി എസ് (അധിക ചുമതല) | കൃഷി ഓഫീസർ | 30-03-2022 | 31-03-2022 |
| ശ്രീമതി ജയ വി എൻ (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 18-07-2021 |
| ശ്രീ. അലക്സാണ്ടർ കെ തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2021 | 31-03-2022 |
| ശ്രീമതി പ്രീത എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ സുരേഷ്കുമാർ ആർ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| തോമസ് മത്തായി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി - ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-11 |
| 12 | ലേല തുക പൂർണ്ണമായും ഈടാക്കിയില്ല. | 1-12 |
| 13 | ലൈസൻസ് -ചട്ട വ്യവസ്ഥ പാലിക്കുന്നില്ല. | 1-13 |
| 14 | മൊബൈൽ ടവർ വസ്തുനികുതി -പിരിവ് പൂർണ്ണമല്ല. | 1-14 |
| 15 | സേവന ഉപനികുതി ഈടാക്കുന്നില്ല. | 1-15 |
| 16 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിനു ഒക്യുപ്പൻസി നൽകി. | 1-16 |
| 17 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ- പദ്ധതി നടപ്പിലാക്കിയിട്ടില്ല | 1-17 |
| 18 | തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും സാധന സാമഗ്രികൾ വാങ്ങലും - നിർവ്വഹണത്തിൽ സുതാര്യതയില്ല | 1-18 |
| 19 | ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി | 1-19 |
| 20 | വെറ്ററിനറി ആശുപത്രിക്ക് മരുന്നു വാങ്ങൽ -പദ്ധതി നടപ്പാക്കിയിട്ടില്ല. | 1-20 |
| 21 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനം- അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ അനാസ്ഥ | 1-21 |
| 22 | ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ഭൂമിയിൽ ഭവനനിർമ്മാണം തടസ്സപ്പെട്ടു | 1-22 |
| 23 | അഗതിരഹിതകേരളം പദ്ധതി - നിർജ്ജീവം | 1-23 |
| 24 | പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല | 1-24 |
| 25 | ലക്ഷങ്ങൾ ചെലവഴിച്ചിട്ടും കുടിവെള്ള പദ്ധതികൾ ലക്ഷ്യം കണ്ടില്ല | 1-25 |
| 26 | പ്രിന്റിംഗ് പ്രവൃത്തിയ്ക്ക് അധിക തുക നൽകി | 1-26 |

| | | |
|---|---|---|
| 27 | മാവേലി സ്റ്റോറിന് സൗകര്യം ഒരുക്കുന്നതിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-27 |
| 28 | വനിതകൾക്ക് കരാട്ടേ പരിശീലനം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-28 |
| 29 | പെട്ടിക്കട നിർമ്മാണത്തിന് വാല്യുവേഷൻ ഇല്ലാതെ ആനുകൂല്യം നൽകി | 1-29 |
| 30 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല | 1-30 |
| 31 | അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-31 |
| 32 | മുൻകൂർ തുക നൽകിയിട്ടും നാളിതുവരെ ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭിച്ചില്ല | 1-32 |
| 33 | സ്കൂളുകളിൽ സ്ഥാപിച്ച തുമ്പൂർമൂഴി എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനരഹിതം. | 1-33 |
| 34 | 22.18 ലക്ഷം ചെലവഴിച്ച പകൽ വീട് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉപേക്ഷിക്കപ്പെട്ടു, | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

16158350/- രൂപ മുന്നിരിപ്പും 10718850/- രൂപ വരവും 207069000/- രൂപ ചെലവും 7999550/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 15.2.2021-ലെ 4-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 16.5.2022-ൽ എയിംസ് മുഖേന സമർപ്പിച്ചു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2020-21-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (24239343/- ) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.
2. ഷെഡ്യൂൾ ബി-4-ൽ Centrally Sponsored Scheme – ICDS എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
3. ഷെഡ്യൂൾ ബി-4-ൽ Flood Relief Grant ഇനത്തിൽ മുൻവർഷത്തെ തുകയായ 75000/- രൂപ തന്നെയാണ് ഈ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
4. ഷെഡ്യൂൾ ബി-4-ൽ Grants From Suchitwa Mission എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസിന്റെ (3525219/-) കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമല്ല.
5. ഷെഡ്യൂൾ ബി-5-ൽ ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 4828392/- രൂപയാണ്, എന്നാൽ വർഷാവസാനം 8168392/- രൂപയാണ് ഒടുക്കാൻ അവശേഷിക്കുന്നത്. ഷെഡ്യൂൾ ആർ.പി-32-ൽ ലോൺ ഇനത്തിൽ 7840000/- രൂപയായി രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റാണ്. യഥാർത്ഥ വരവ് 4440000/- രൂപയാണ്.
6. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
7. ഷെഡ്യൂൾ ബി-12-ൽ ഇൻവെസ്റ്റ്മെന്റ്സ് എന്ന് ശീർഷകത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല,. പഞ്ചായത്തിന് 9960/- രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്.
8. ഷെഡ്യൂൾ ബി-18-ൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് അവ ആസ്തികളായി മാറ്റി തുക കൃത്യമാക്കേണ്ടതാണ്.
9. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 25439808 |
| വരവ് | 118306265 |
| ആകെ | 143746073 |
| ചെലവ് | 117090116 |
| നീക്കിയിരിപ്പ് | 26655957 |

### 1-4 ഗ്രാന്റ് വിനിയോഗം

| *ഗ്രാന്റ്* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25994717 | 25994717 | 24064427 | 1930290 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 0 | 11438971 | 11438971 | 10641437 | 797534 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 19800 | 19800 | 0 | 19800 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 15515800 | 15515800 | 8215537 | 7300263 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 6397161 | 6397161 | 4646093 | 1751068 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 28513500 | 28513500 | 17704828 | 10808672 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8907000 | 8907000 | 4449734 | 4457266 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 75000 | 0 | 75000 | 0 | 75000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 430 | 649440 | 649870 | 649540 | 330 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1207200/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1858727/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവിനത്തിൽ 700000/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1441273/- രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവിനത്തിൽ 120000/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2021-22 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 271 | 209934097 | 200 | 92148755 | 71 | 43.89 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 23 | 19995888 | 14538166 | 72.71 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 4260601 | 2555771 | 59.99 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 165 | 126 | 57413206 | 31840902 | 55.46 |
| കൃഷി ഓഫീസർ | 6 | 4 | 7783910 | 2153000 | 27.66 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 11 | 1 | 4791100 | 1005320 | 20.98 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 10 | 10 | 99450000 | 28741496 | 28.90 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 6030111 | 5018207 | 83.22 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 5 | 1618081 | 1544591 | 95.46 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 500000 | 500000 | 100.00 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 350000 | 350000 | 100.00 |
| പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 2 | 1 | 850000 | 800000 | 94.12 |
| വെറ്ററിനറി സർജൻ | 7 | 6 | 3800200 | 1409454 | 37.09 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2200000 | 1469125 | 66.78 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 891000 | 222723 | 24.99 |
| ആകെ | 271 | 200 | 209934097 | 92148755 | 43.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 430 | 649440 | 649870 | 649537 | 333 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 69972362 | 69972362 | 69972362 | 0 |
| ആകെ | 430 | 70621802 | 70622232 | 70621899 | 333 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 4137 | 60688200 |
| വിധവാ പെൻഷൻ | 1751 | 26921000 |
| കർഷക തൊഴിലാളി പെൻഷൻ | 225 | 3495800 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 466 | 7303600 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 57 | 909900 |
| തൊഴിൽ രഹിത വേതനം | 5 | 49080 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2022-ന്

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12407/- (പന്തിരായിരത്തി നാന്നൂറ്റി ഏഴ് ) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെയും വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ഒന്നും ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. കമ്മിറ്റിയിൽ വിദ്യാഭ്യാസ മേഖലയെ അവഗണിച്ച് ആരോഗ്യ മേഖലയിലെ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർഹത പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയ്ക്ക് അനന്തര നടപടികൾക്കായി നൽകുന്ന ചുമതല മാത്രമാണ് ചർച്ച ചെയ്യുന്നത്. 11/2021-ന് മുൻപുള്ള മിനിട്ട്സ് ബുക്ക് പ്രളയത്തിൽ നശിച്ചുപോയിട്ടുള്ളതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.5.2021, 17.8.2021, 14.9.2021, 5.10.2021, 5.11.2021, 22.12.2021 എന്നീ ദിവസങ്ങളിലെ യോഗത്തിന്റെ മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2019 | 2014-15 മുതൽ 2018-19 വരെ | 24.1.2020 |
| പെർഫോമൻസ് ഓഡിറ്റ് | 20.6.2022 മുതൽ 21.6.2022 വരെ | 1/2022 മുതൽ 3/2022 വരെ | 21.6.2022 |

## 1-11 തൊഴിൽ നികുതി - ഈടാക്കുവാൻ അവശേഷിക്കുന്നു.

പഞ്ചായത്തീ രാജ് നിയമം 204ാം - വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾനടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തിൽ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1. അക്ഷയ കേന്ദ്രം, കലഞ്ഞൂർ.

2. വിജയാ ബാങ്ക്സ്, കലഞ്ഞൂർ.

3. പാണ്ടിയഴികത്ത് ബാങ്ക്സ്, കലഞ്ഞൂർ.

4.ASP ഹോളോ ബ്രിക്സ്, പാടം.

5. കൊണ്ടൂർ ജംഗിൾ റിസോർട്ട്, പുതുപ്പാറ.

6. ബിവറേജ് കോർപ്പറേഷൻ, കൂടൽ.

7. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, നെടുമൺ കാവ്.

8. സായി പോളിക്ലിനിക്ക്, പാടം.

9. മണി മുത്തൂറ്റ് നിധി ലിമിറ്റഡ്, കലഞ്ഞൂർ.

11. ചുവടെ ചേർത്തിട്ടുള്ള പാലുല്പാദക സംഘത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1. പാലുല്പാദക സഹകരണ സംഘം, കലഞ്ഞൂർ.

2. പാലുല്പാദക സഹകരണ സംഘം, നിരത്തുപാറ.

3. പാലുല്പാദക സഹകരണ സംഘം, മുറിഞ്ഞകൽ.

111. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിലെ ജീവനക്കാരുടെയും റേഷൻ വ്യാപാരികളുടെയും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1V. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1. ശശിധരൻ പിള്ള, സന്ധ്യാ നിലയം.

2. ചന്ദ്രബാബു എം, ശിവരാജ വിലാസം, കലഞ്ഞൂർ.

3. അൻജിത്ത് റഹ്മാൻ, കലഞ്ഞൂർ.

4. അജയൻ, ശ്രീ വിഹാർ, കലഞ്ഞൂർ.

5. സുബിൻ.പി.വി, പരുവേലിൽ വീട്, പാടം.

6. ഷിബു.ഇ.സാമുവേൽ,ഇളങ്ങാട്ടു ഹൗസ്, കൂടൽ.

7. അജിത്ത് എസ്. മൂർത്തിമണ്ണിൽ, കൂടൽ.

8. ബിനു ജോർജ്ജ്, ചരുവിൽ തെക്കേതിൽ, കലഞ്ഞൂർ.

9. ജീൻസ്. കെ.ഉമ്മൻ, കിഴക്കേ പറമ്പിൽ, കോന്നി.

10. ഉമേഷ്, എള്ളുംകാലാപുത്തൻ വീട്, കൂടൽ.

11. അമ്പിളിധരൻ നായർ.ജെ., വിളയിൽ വീട്, കലഞ്ഞൂർ.

12. ജോസ് എ, തോപ്പിൽ ഹൗസ്, കലഞ്ഞൂർ.

13. സജിമോൻ വി., സജി ഭവൻ, കലഞ്ഞൂർ.

14. സുനിൽകുമാർ പി.വി, തേമ്പാവുമണ്ണിൽ, കലഞ്ഞൂർ.

15. വിനായക്, വിനായക് ഭവൻ, മുറിഞ്ഞകൽ.

16. സന്തോഷ് കുമാർ, ഗോപസദനം, അരുവാപ്പുലം.

17. മനോജ്. എം, മനോജ് ഭവൻ, പാടം.

18 മധു. എസ്, ലക്ഷ്മീ വിലാസം, കലഞ്ഞൂർ.

അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12 ലേല തുക പൂർണ്ണമായും ഈടാക്കിയില്ല.

ലേല രജിസ്റ്റർ, ലേലഡയറി, എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കൂടൽ മാർക്കറ്റ് ഫിഷ് സ്റ്റാളിന്റെ 2021-22 വർഷത്തെ ഫീസ് പഞ്ചായത്ത് ബൈലോ പ്രകാരം പിരിക്കുന്നതിനുള്ള ലേല അവകാശം 21-10-2021 ലെ കമ്മിറ്റി തീരുമാനം3(1)ന്റെ അടിസ്ഥാനത്തിലുള്ള പുനർലേല പ്രകാരം ശ്രീ.മുഹമ്മദ് ഹുസൈൻ, വടക്കേ മുരിങ്ങ വീട്, ഇടത്തറയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ ലേല തുകയായ 2,49,000 (ജി.എസ്.ടി തുകയായ 37,980 രൂപ ഉൾപ്പെടെ) രൂപയിൽ 70,000 രൂപ മാത്രമാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ബാക്കി തുകയായ 1,79,000 രൂപയ്ക്ക് ആർ.ആർ. സ്വീകരിക്കുന്നതിനായി യൂസർ ഐ.ഡി.യും പാസ് വേർഡും ലഭ്യമായിട്ടുണ്ടെങ്കിലും റിക്കവറി നടപ്പിലാക്കിയിട്ടുണ്ടോ എന്നതിന് വ്യക്തതയില്ല. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണ (നമ്പർ - 17/21-22 തീയതി - 25.11.22) ത്തിന് റവന്യൂ റിക്കവറി നടപടി

സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്.എന്നാൽ റിക്കവറി നടന്നതിന് രേഖകളില്ല. ആയതിനാൽ കുടിശ്ശിക തുക പിഴ പലിശയോടു കൂടി ഈടാക്കി ആർ.ആർ. നടപടിയുടെ തുടർ വിവരവും സഹിതം ആഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ് -ചട്ട വ്യവസ്ഥ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് പിരിവ് സംബന്ധിച്ച അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടിക 2 പ്രകാരം തരം തിരിച്ചില്ല.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം നിശ്ചയിച്ചിരിക്കുന്ന ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല

സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | അപേക്ഷകന്റെ പേരുവിവരവും കെട്ടിട നംപരും | വിഭാഗം | മൂലധന നിക്ഷേപം രേഖപ്പെടുത്തിയത് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| A9-971/21 | കുമാരി. എസ്<br>കുമാരി മന്ദിരം<br>കലഞ്ഞൂർ<br>KP - 185 | സിമന്റ് കട്ട നിർമ്മാണം | രേഖപ്പെടുത്തിയില്ല. | 1000 |
| A9-3874/21 | സന്തോഷ്. വി.റ്റി.<br>എസ്.എൻ. ട്രേഡേഴ്സ്<br>പാടം | റബ്ബർ വ്യാപാരം | രേഖപ്പെടുത്തിയില്ല | 300 |
| A9-2242/21 | രശ്മി.എൽ.സി<br>എള്ളും കാലാ<br>പുത്തൽ വീട്<br>കൂടൽ | ആയുർവേദ ക്ലിനിക്ക് കലഞ്ഞൂർ . | രേഖപ്പെടുത്തിയില്ല | 500 |

സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും മേൽ വിശദാംശങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ചട്ട വ്യവസ്ഥകൾ പൂർണമായും പാലിക്കേണ്ടതാണ്

3. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടു വന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലെ പത്തൊൻപത് റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല. റേഷൻ വ്യാപാരികളുടെ ലൈസൻസ് ഫീസ് ചട്ട വ്യവസ്ഥകൾക്കനുസൃതമായി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവർ വസ്തുനികുതി -പിരിവ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. സഞ്ചയ

സോഫ്റ്റ് വെയർ, അനുബന്ധ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര്. | വാർഡ്/ കെട്ടിടനം. | പ്ലിന്ത് ഏരിയ.(ച.മീ.) | വസ്തുനികുതി കുടിശ്ശിക. |
|---|---|---|---|---|
| 1 | ബി.എസ്.എൻ എൽ | 05/021 | 7.29 | 42110 |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻസ്. | 09/586 | 10 | 52500 |
| 3 | റിലയൻസ് കമ്മ്യൂണിക്കേഷൻസ്. | 09/587 | 10 | 47250 |
| 4 | റിലയൻസ് കമ്മ്യൂണിക്കേഷൻസ്. | 09/588 | 12 | 69300 |
| | | | ആകെ | 2,11,160 |

കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ ആവശ്യാധിഷ്ഠിതമായി സ്വീകരിച്ച് അവശേഷിക്കുന്ന കുടിശ്ശിക ഈടാക്കി ആഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 സേവന ഉപനികുതി ഈടാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207 (1) ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10% ൽ കുറയാത്ത സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടന വിഭാവന ചെയ്യുന്ന സാമ്പത്തിക വികസനവും സാമൂഹ്യനീതിയും സമയബന്ധിതമായി കൈവരിക്കുന്നതിന് പഞ്ചായത്തുകൾ തനതു വരുമാനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തമാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നികുതി ഈടാക്കുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി കമ്മിറ്റിയിൽ ചർച്ചചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

## 1-16 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിനു ഒക്യുപ്പൻസി നൽകി.

ഗ്രാമപഞ്ചായത്തിൽ നിന്നും 2021-22 ൽ ഒക്യുപ്പൻസി നൽകിയ താഴെ പറയുന്ന ഉടമസ്ഥന്റെ ബഹുനില കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നമ്പർ, വാർഡിന്റെ പേര് | പേര്, വിലാസം | കെട്ടിട വിനിയോഗം |
|---|---|---|
| 18/969 -974, കൂടൽ ടൗൺ | ബിജു ജോൺ,<br>പാറക്കടവിൽ,<br>മുറിഞ്ഞകൽ, മുറിഞ്ഞകൽ പി. ഒ., | വാണിജ്യം-<br>താഴത്തെ നില (162.89 ച മീ )<br>താഴത്തെ നില (135.49 ച മീ )<br>താഴത്തെ നില (25.14 ച മീ )<br>ഒന്നാം നില (33.36 ച മീ )<br>പാർപ്പിടം-<br>ഒന്നാം നില (335.83 ച മീ ) |

| | | |
|---|---|---|
| | | രണ്ടാം നില (240.57 ച മീ )<br>ആകെ - 933.28 M2 |

2020ൽ മൂന്ന നില വാണിജ്യ കെട്ടിടം താഴെ പറയുന്ന അളവിൽ നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിരുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | A2-509/35/2020;18.02.2020 |
| സർവ്വെ നമ്പർ | 5/9,5/14, 5/13 |
| പ്ലോട്ട് ഏരിയ | 6.30ആർ' |
| കെട്ടിടത്തിന്റെ ഏരിയ | താഴത്തെ നില (വാണിജ്യം) - 368.10<br>ഒന്നാം നില (വാണിജ്യം) - 368.10<br>രണ്ടാം നില (വാണിജ്യം) - 249.21<br>ആകെ - 985.41 M2 |

പെർമിറ്റ് പ്രകാരം പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയോരത്ത് കൂടൽ ജംഗ്ഷന സമീപമാണ് ഈ ബഹുനില കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന ശേഷം കംപ്ലീഷൻ പ്ലാൻ 14.03.2022 ൽ ഉടമസ്ഥൻ സമർപ്പിക്കുകയും ആയത് അസിസ്റ്റന്റ് എഞ്ചിനീയർ ഫീൽഡ് തലത്തിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഒന്നാം നിലയിൽ വാണിജ്യ കെട്ടിടമായി ഉടമസ്ഥൻ ഒക്യുപ്പൻസി ഗ്രാമപഞ്ചായത്തിൽ നിന്നും നേരത്തെ കരസ്ഥമാക്കിയിരുന്നു. ഇത് ക്യാൻസൽ ചെയ്ത് പാർപ്പിടമായി മാറ്റാനാണ് രണ്ടാമത് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിരുന്നത്. എന്നാൽ ആദ്യ പരിശോധന സംബന്ധിച്ചോ നികുതി നിർണ്ണയം സംബന്ധിച്ചോ ഫയലിൽ രേഖകൾ ലഭ്യമല്ല.

തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്ന ശുപാർശ ചെയ്യുകയും പരിശോധന റിപ്പോർട്ടിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| മുൻ വശം | 5.60 M |
| പിൻ വശം | 5.8 M |
| സൈഡ് 1 | 1.3 M |
| സൈഡ് 2 | 1.8 M |
| Fsi | 1.57 |
| കവറേജ് | 54.58% |
| പാർക്കിംഗ് | 4 |

എന്നാൽ സൈറ്റ് പരിശോധിച്ചതിൽ പാർക്കിംഗ് സംബന്ധിച്ചുള്ള കെട്ടിട നിർമ്മാണ ചട്ടം പാലിച്ചതായി കണ്ടില്ല.

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് ലഭ്യമല്ല .

കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വാണിജ്യം എന്ന നിലയിൽ ഒക്യുപ്പൻസി നേടിയതിന ശേഷം റസിഡൻഷ്യൽ ഇനമായി രണ്ടാമത് ഒക്യുപ്പൻസി കരസ്ഥമാക്കിയത് ക്രമപ്രകാരമല്ല. നേരിട്ട നടത്തിയ പരിശോധനയിൽ നാലു ഷട്ടറുകളും ഇട്ട് വാണിജ്യ വിനിയോഗമായാണ് നിലവിലും ഒന്നാം നില ഉപയോഗിക്കുന്നതെന്ന കണ്ടു.

കെട്ടിടത്തിനുള്ള ഫ്ലോർ ഏരിയ അടിസ്ഥാനമാക്കി വേണ്ട പാർക്കിംഗ് ചുവടെ ചേർക്കുന്നു

ഫ്ലോർ ഏരിയ (വാണിജ്യം) - 323.52 (GF) + 369.19 (FF) = 692.69/90 = 8 കാർപാർക്കിംഗ്

റസിഡൻഷ്യൽ ഏരിയ

| ഒരു വാസഗൃഹ യൂണിറ്റിന്റെ തറവിസ്തീർണ്ണം | വേണ്ട പാർക്കിംഗ് |
|---|---|
| 185m2-300 M2 | ഓരോ യൂണിറ്റിനും 1.5 |

ഇവിടെ രണ്ടാം നില 240.57 M2 റസിഡൻഷ്യൽ യൂണിറ്റിനു മേൽ ചട്ടം പ്രകാരം 2 കാർ പാർക്കിംഗ് വേണം.

ഇപ്രകാരം ആകെ ഈ ബഹു നില കെട്ടിടത്തിന 10 കാർ പാർക്കിംഗ് സൈറ്റിലുണ്ടാകേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ 4 കാർ പാർക്കിംഗ് കാണിച്ചാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. ഇത് അംഗീകരിച്ചുകൊണ്ടാണ് ഒക്യുപ്പൻസി നൽകാൻ 25.04.2022 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തത്. എന്നാൽ ഫ്രണ്ട് യാർഡിലേക്ക് ഫസ്റ്റ് ഫ്ലോറിൽ നിന്നും 3 M മുന്നോട്ട് വരാന്ത നിർമ്മിച്ചിട്ടുള്ളതും ഇതിന് പില്ലറുകളുടെ സപ്പോർട്ട് ഉള്ളതുമാണ്. ആയതിനാൽ ഫ്രണ്ട് യാർഡിൽ പാർക്കിംഗിനുള്ള സ്ഥലം ലഭ്യമാകുന്നില്ല.

KPBRചട്ടം 29 (8) പ്രകാരം തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഫ്രണ്ട് യാർഡിൽ നിർമ്മാണങ്ങൾ നടത്തിയതിനാൽ പാർക്കിംഗിനുള്ള സ്ഥലം ഇവിടെ ലഭ്യമല്ല.

അപാകതകളിന്മേൽ സാങ്കേതിക പരിശോധന നടത്തിയ ഉദ്യോഗസ്ഥർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/25-11-2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരുന്നു. ഒന്നാം നിലയിൽ ഷട്ടറുകൾ ഇട്ടിരുന്നതെങ്കിലും തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള റസിഡൻഷ്യൽ യൂണിറ്റായാണ് ഉപയോഗിക്കുന്നതെന്ന് അപേക്ഷകൻ സത്യവാങ്മൂലത്തിൽ അറിയിച്ചിരുന്നു എന്ന മറുപടി അസിസ്റ്റന്റ് എഞ്ചിനീയർ നൽകി. രണ്ടാം നിലയിൽ അപേക്ഷകന്റെ താമസാവശ്യത്തിനാണെന്നും അതിനാലാണ് ഒന്നാം നിലയുടെയും രണ്ടാം നിലയുടേയും ഏരിയ പാർക്കിംഗിനു കണക്കിലെടുക്കാത്തതെന്നും മറുപടി നൽകി. ഇത് അംഗീകരിക്കാനാവില്ല. ഒന്നാം നില വാണിജ്യത്തിന് ഉപയോഗിക്കുന്നതെന്ന പ്രഥമദൃഷ്ട്യാ വ്യക്തമാണ്. ഈ വിഷയത്തിന്മേൽ KPBR റൂൾ 21 പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി കെട്ടിടം അനധികൃതമായി ഒക്യുപ്പൻസി മാറ്റി ഉപയോഗിക്കുന്നുണ്ടെങ്കിൽ പാർക്കിംഗ് ചട്ടം പാലിക്കാത്തതിനു വിശദീകരണം തേടേണ്ടതും തൃപ്തികരമായ പാർക്കിംഗ് സൈറ്റിലോ കെട്ടിടത്തിനുള്ളിലോ ഒരുക്കാത്ത പക്ഷം കെട്ടിടത്തിനെ അനധികൃത കെട്ടിടമായി കണക്കാക്കി തുടർ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ- പദ്ധതി നടപ്പിലാക്കിയിട്ടില്ല

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 50,000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 300 ൽ പരം സംഘങ്ങൾ നിലവിലുണ്ട്. വനിതകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സഹായകമായിരുന്ന പദ്ധതി വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/തീയതി 18.11.2022) നല്കിയമറുപടിയിൽ ആനുകൂല്യത്തിന് അർഹരായ ഗ്രൂപ്പുകൾ ഉണ്ടായിരുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആനുകൂല്യത്തിന് അർഹരായ ഗ്രൂപ്പുകളെ കണ്ടെത്താതെ പ്രോജക്ട് ആവിഷ്കരിച്ച് തുക വകയിരുത്തിയത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന ഗ്രൂപ്പുകളെ കണ്ടെത്തിയ ശേഷം മാത്രം പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും സാധന സാമഗ്രികൾ വാങ്ങലും - നിർവ്വഹണത്തിൽ സുതാര്യതയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും സാധന സാമഗ്രികൾ വാങ്ങലും (5/22) |
| വകയിരുത്തൽ | 1467575/- (വികസന ഫണ്ട്- ജനറൽ)<br>850000/- (തനത്) |
| ചെലവ് | 1000000/-<br>ട്രഷറി ബിൽ നം. 21050352013100444377/24.9.2021-160310/-<br>ട്രഷറി ബിൽ നം. 21050352013100472203/1.10.2021-494931/-<br>ട്രഷറി ബിൽ നം. 21050352013100644267/12.11.2021-344759/-<br>899935/-<br>ചെക്ക് നം. 5210694/12.11.2021 – 174691/-<br>ചെക്ക് നം. 13954/29.11.2021 – 285430/-<br>ചെക്ക് നം. 15170/25.2.2022 – 339250/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 1014381/- രൂപ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുന്നതിനും 784990/- രൂപ പോസ്റ്റുകളിൽ ബൾബുകൾ (പുതിയതും കേടായത് റിപ്പയർ ചെയ്തും) സ്ഥാപിക്കുന്നതിനും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ

ചേർക്കുന്നു-

1. ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്തത് ഡിവൈൻ ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനമാണ്. ടി സ്ഥാപനം ഹാജരാക്കിയ ഇലക്ട്രിക്കൽ സാധനങ്ങളുടെ സാമ്പിളുകൾ നിലവാരമില്ലാത്തതാണ് എന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റി കണ്ടെത്തുകയും തുടർന്ന് രണ്ടാമത്തെ കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത കിക്കോ ബിസിനസ്സ് കോർപറേഷനെ നെഗോസിയേഷൻ നടത്താതെ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്ട്സിൽ ഇപ്രകാരമൊരു തീരുമാനം എടുത്തിട്ടില്ല. മാത്രവുമല്ല, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്ത് അടിസ്ഥാനത്തിലാണ് സാധനങ്ങൾക്ക് ഗുണനിലവാരമില്ലായെന്ന് കണ്ടെത്തിയത് എന്നും വ്യക്തമല്ല. *(സാങ്കേതിക പരിജ്ഞാനമുള്ളവർ കമ്മിറ്റിയിൽ ഇല്ലാത്ത സാഹചര്യത്തിൽ)*

2. ഇലക്ട്രിക് പോസ്റ്റുകളിൽ ബൾബുകൾ സ്ഥാപിക്കുന്ന (പുതിയതും റിപ്പയർ ചെയ്തതിന് ശേഷവും) പ്രവൃത്തിയ്ക്ക് ടെണ്ടർ സമർപ്പിച്ച രണ്ട് വ്യക്തികളും നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസുള്ള അംഗീകൃത കരാറുകാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ല. കരാർ ലഭിക്കുന്ന വ്യക്തി ആകെ കരാർ തുകയുടെ പത്ത് ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണെന്നുള്ള വ്യവസ്ഥയും പാലിച്ചിട്ടില്ല.

3. കരാറുകാരനായ ശ്രീ. പി. മുഹമ്മദ് റാവുത്തർക്ക് മൂന്ന് തവണകളായി 2910 പുതിയ ബൾബുകളും, 503 ബൾബുകൾ റിപ്പയർ ചെയ്തും സ്ഥാപിച്ചതിന് 784990/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ബൾബുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്നും, എന്നാണ് സ്ഥാപിച്ചത് എന്നും സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ വാർഡുകളിൽ നിന്നും റിപ്പയർ ആന്റ് മെയിന്റനൻസിന് ലഭിക്കുന്ന പരാതി രജിസ്റ്റർ, സ്റ്റോക്ക് ഇൻ സ്റ്റോക്ക് ഔട്ട് രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല.

4. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ/ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പോ മുഖേനയോ പ്രോജക്ടിന്റെ മോണിട്ടറിംഗും നടത്തിയിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/25.11.2022) മറുപടി ലഭ്യമാക്കിയില്ല. സുതാര്യതയില്ലാത്ത പ്രോജക്ട് നടത്തിപ്പിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 1-19 ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി

| പ്രോജക്ടിന്റെ പേര്, നമ്പർ | പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ (271/22) |
|---|---|
| വകയിരുത്തൽ | 800000/- (വികസന ഫണ്ട്- ജനറൽ)<br>900000/- (തനത്) |
| ചെലവ് | 800000/-<br>ട്രഷറി ബിൽ നം. 210503520101145925/17.2.2022<br>899935/-<br>ചെക്ക് നം. 6081809/17.2.2022 |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 1699935/- രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്തത് ആർട്ടീസൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലീമിറ്റഡ് (ആർട്ട്കോ) ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ്.

ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയപ്പോൾ ടെണ്ടർ സമയത്ത് ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികമായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു-

| *ക്രമ നം.* | *ഇനം/പ്രവൃത്തി* | *എണ്ണം/ അളവ്* | *ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരമുള്ള തുക (18% GST)* | *ഫൈനൽ ബിൽ പ്രകാരമുള്ള തുക (18% GST)* | *വ്യത്യാസം* |
|---|---|---|---|---|---|
| 1 | Office Table For Clerks 480x60x75/105cm MDF | 10.08 Sq. M | 20414 X 10.08 = 205773.12 | 20709 X 10.08 = 208125.45 | 2352.33 |
| 2 | Office Table 120x60x75/105 Cm MDF | 2.52 Sq. M | 20414 X 2.52 = 51443.28 | 20709 X 2.52 = 52186.68 | 743.40 |

| | | | | | |
|---|---|---|---|---|---|
| 3 | Office Table 90x60x75/105 Cm MDF | 2.835 Sq.m | 20414 X 2.835 = 57873.69 | 20709 X 2.835 = 58710.02 | 836.33 |
| 4 | MDF Name Board President's Room 180x120cm | 2.16 Sq.m | 7670 X 1 = 7670 | 8850 X 1 = 8850 | 1180 |
| 5 | Window Door For Server Room | 2 Sq.m | 2950 X 2 = 5900 | 3953 X 2 = 7906 | 2006 |
| | | | | ആകെ | 7118/- |

ഇപ്രകാരം അധിക തുക നൽകിയതിന്റെ കാരണം സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/24.11.2022) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ -പദ്ധതി നടപ്പാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം 274/22 പ്രകാരം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി 100,000 അടങ്കലിൽ രൂപീകരിച്ചിരുന്നു. മൃഗാശുപത്രിയിലേയ്ക്ക് ആവശ്യമുള്ള 32 ഇനം മരുന്നുകളുടെ ലഭ്യത രഹിത സർട്ടിഫിക്കേറ്റ് ഡി എച്ച് ഒ പിറ്റിഎ /404/2022 തിയതി 23/2/22 പ്രകാരം പത്തനംതിട്ട ജില്ല മൃഗസംരക്ഷണ ഓഫീസർ നല്കിയിട്ടുണ്ട് . എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 8/23.11.2022 ന് നല്കിയ മറുപടിയിൽ യഥാസമയം ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതിരുന്നതുമൂലമാണ് പദ്ധതി നടപ്പാക്കാത്തത് എന്ന് വെറ്ററിനറി സർജൻ അറിയിച്ചു. ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുക എന്ന അടിയന്തിര പ്രാധാന്യമുള്ള പദ്ധതി യഥാസമയം നടപ്പിലാക്കാതെ റോഡിതര മെയിന്റനൻസ് ഫണ്ടിൽ വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-21 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനം- അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ അനാസ്ഥ

സ ഉ (കൈ) നം84/2022 ത സ്വ ഭ വ തി19.4.22 മാർഗ്ഗ രേഖ 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നല്കി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തയ്യാറാക്കേണ്ടത്. എന്നാൽ പഞ്ചായത്തിന് കൈമാറികിട്ടിയിട്ടുള്ള സ്ഥാപനങ്ങളായ മൃഗാശുപത്രി, സ്കൂൾ എന്നിവയിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത നിലനില്ക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത് റോഡിതര മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ഓഡിറ്റ് വർഷം 4457266 രൂപ ലാപ്സാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വെറ്ററിനറി ആശുപത്രി


പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്ന വെറ്ററിനറി ആശുപത്രിക്ക് രണ്ട് നിലകളിലായി കൺസൾട്ടേഷൻ റൂം, വർക്ക് എരിയ, സ്റ്റോർ റൂം, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ എന്നിങ്ങനെ 5 മുറികളാണ് ഉള്ളത്. ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ എന്നിങ്ങനെ പേരു നല്കിയിരിക്കുന്ന മുറികൾ വേസ്റ്റ് സാധനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. രോഗാവസ്ഥയിൽ കൊണ്ടുവരുന്ന മൃഗങ്ങളെ പരിചരിക്കേണ്ട ആശുപത്രി അണുവിമുക്തമാക്കി വൃത്തിയായി സൂക്ഷിക്കേണ്ടതിനു പകരം പഞ്ചായത്തിന്റെ വേസ്റ്റ് ഡംബിംഗ് യൂണിറ്റാക്കി മാററിയിരിക്കുന്നു. 2019-20 സാമ്പത്തിക വർഷം പദ്ധതി നം 289/20 പ്രകാരം വെറ്ററിനറി ആശുപത്രിയിൽ അറ്റകുറ്റപ്പണി നടത്തി ടൈലുകൾ പാകി നല്കിയിട്ടുണ്ട്, എന്നാൽ 2021-22 ഓഡിറ്റ് വേളയിൽ (2022 നവംബർ മാസം) വെറ്ററിനറി ആശുപത്രിയിൽ പ്രാദേശിക പരിശോധന നടത്തിയതിൽ തറ ടൈലുകൾ പൂർണ്ണമായും പൊട്ടി ഇളകിയ നിലയിൽ കിടക്കുന്നതായി കണ്ടു. ടൈൽ വിരിച്ച് കേവലം രണ്ടോമൂന്നോ വർഷം കഴിയുമ്പോൾ തന്നെ ടൈലുകൾ പൊട്ടിപൊളിഞ്ഞ് പോയതു സംബന്ധിച്ച് പഞ്ചായത്ത് ഒരു അന്വേഷണവും നടത്തിയിട്ടില്ല. പൊതു പണം ഉപയോഗിച്ച് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടത് പദ്ധതി നടപ്പാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സ്ഥാപനത്തിന്റേയും ഉത്തരവാദിത്വമാണ്. പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിൽ നടത്തിയ പ്രവൃത്തിയുടെ ഗുണമേന്മപോലും ഉറപ്പുവരുത്താൻ ബന്ധപ്പെട്ട അധികാരികൾക്ക് കഴിയുന്നില്ലായെന്നുള്ളത് തികച്ചും ആശങ്കാജനകമാണ്. വെറ്ററിനറി ആശുപത്രിയുടെ മേൽക്കൂര മഴയത്ത് ചോർന്ന് വെള്ളം താഴേയ്ക്ക് ഒലിച്ചിറങ്ങി

ഭിത്തിയിൽ നനവ് നിലനിൽക്കുന്ന അവസ്ഥയിലാണ് ഉള്ളത്. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.11,12 /24.11.22 ന് മറുപടി നല്കിയിട്ടില്ല. അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.




• വെറ്ററിനറി ആശുപത്രിയിൽ വെയ്സ്റ്റുകൾ കുന്നുകൂടിയ നിലയിൽ





• വെറ്ററിനറി ആശുപത്രിയിലെ ടൈലുകൾ പൊട്ടിയ നിലയിൽ

ഗവ. എൽ. പി. എസ്. കൂടൽ ജംഗ്ഷൻ

കൂടൽ ജംഗ്ഷൻ ഗവ.എൽ പി സ്കൂളിൽ 2016-17 കാലഘട്ടം മുതൽ തടികൾ തുരക്കുന്ന വലിയ വണ്ടിന്റെ ശല്യം നേരിട്ടുവരുന്നുണ്ട്. വണ്ടുകൾ വരാന്തയിലും ക്ലാസ് മുറിക്കകത്തുമുള്ള ഉത്തരങ്ങളും കഴുക്കോലുകളും തുരന്ന് കുടുകുട്ടിവലിയതോതിൽ പെറ്റുപെരുകി തടികൾക്ക് ബലക്ഷയം വന്ന് മേൽക്കൂര താഴെ വീഴുന്ന അവസ്ഥയിലാണെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചിട്ടുണ്ട്. പ്രീ പ്രൈമറിതലം മുതൽ അഞ്ചാം ക്ലാസുവരെയുള്ള ഏകദേശം നാലു വയസ്സുമുതൽ പത്ത് വയസ്സുവരെ പ്രായമുള്ള 51 പിഞ്ചു ബാലികാബാലൻമാർ പഠിക്കുന്ന വിദ്യാലയം അപകടനിലയിലാണെന്നുള്ളത് അത്യന്തം ഗൗരവമുള്ള വിഷയമാണ്. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. സ്കൂളിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.



• കൂടൽ ജംഗ്ഷൻ ഗവ. എൽ.പി.സ്കൂളിലെ ഉത്തരങ്ങൾ വണ്ടുകൾ തുളച്ച് അപകടകരമായ നിലയിൽ



## 1-22 ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ഭൂമിയിൽ ഭവനനിർമ്മാണം തടസ്സപ്പെട്ടു

ഗ്രാമപഞ്ചായത്ത് 2021-22 വർഷം ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി 225000 രൂപ ചെലവഴിച്ച് 4 സെന്റ് ഭൂമി വാങ്ങി നൽകിയ ശ്രീമതി ഓമനശിവൻ, അരിയിടത്ത് പുത്തൻവീട് എന്ന ഗുണഭോക്താവ് ഭവനനിർമ്മാണത്തിന് ആദ്യഗഡു 40000/- രൂപ കൈപ്പറ്റുകയും തുടർന്ന് മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ടിയാൾക്ക് നിയമപ്രകാരമുള്ള അനന്തരാവകാശികൾ ഇല്ലാത്തതിനാൽ ഭരണസമിതിയുടെ 16.05.22 ലെ 1(9)-ാം നമ്പർ തീരുമാനപ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് വിവരം റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. സർക്കാർ അനുമതി പ്രകാരം പ്രസ്തുത ഭൂമി ഗ്രാമപ്പഞ്ചായത്ത് പേരിൽക്കൂട്ടി ലൈഫ്മിഷൻ പദ്ധതി ലിസ്റ്റിൽ അടുത്ത ഗുണഭോക്താവിന് കൈമാറി ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 അഗതിരഹിതകേരളം പദ്ധതി - നിർജ്ജീവം

കലഞ്ഞൂർ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിരാലംബരും അശരണരുമായ അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി ആശ്രയ പദ്ധതി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 169 അഗതി കുടുംബങ്ങളെയാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 9 കുടുംബങ്ങൾക്ക് വീട് ആവശ്യമുള്ളവരും 36 കുടുംബങ്ങൾക്ക് വീട് പുനരുദ്ധാരണം ആവശ്യമുള്ളവരുമാണ്. നാളിതുവരെ വീട് പുനരുദ്ധാരണം ആവശ്യമുള്ള 10 കുടുംബങ്ങൾക്ക് 40,000 രൂപ വീതം 400000 രൂപ നല്കിയിട്ടുണ്ട്. ഭക്ഷണവിതരണം നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വികസനഫണ്ടിൽ നിന്നും പ്രസ്തുത പദ്ധതിക്കായി 2018-19 മുതൽ അനുവദിച്ചിട്ടുള്ള 1500,000 രൂപ ചെലവഴിച്ചിട്ടില്ല. 31.3.22 ൽ ആശ്രയ അക്കൗണ്ടിൽ 39,25,702 രൂപയാണ് ബാലൻസ്. സമൂഹത്തിൽ ഏറെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വകയിരുത്തപ്പെട്ട പദ്ധതിപ്പണം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അഭിലഷണീയമല്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-24 പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലക്ഷങ്ങൾ ചെലവഴിച്ചിട്ടും കുടിവെള്ള പദ്ധതികൾ ലക്ഷ്യം കണ്ടില്ല

2021-22 വർഷം താഴെ പറയും പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ കുടിവെള്ള പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്ത ഏജൻസി |
|---|---|---|---|
| 1 | കഞ്ചോട് കുടിവെള്ള പദ്ധതി | 1896000/- | കേരള വാട്ടർ അതോറിറ്റി |
| 2 | സ്റ്റേഡിയം കുടിവെള്ള പദ്ധതി | 1700000/- | കേരള വാട്ടർ അതോറിറ്റി |
| 3 | നിരവേൽ പൊടിമണ്ണിൽ കുടിവെള്ള പദ്ധതി | 1000000/- | ഭൂജല വകുപ്പ് |
| 4 | പറയൻകോട് ചാവടിമല കുടിവെള്ള പദ്ധതി | 150000/- | ഭൂജല വകുപ്പ് |
| | ആകെ | 4746000/- | |

ഏകദേശം 48 ലക്ഷം രൂപ വിവിധ ഏജൻസികൾക്ക് നിക്ഷേപിച്ചിട്ടും ഒരു പ്രവൃത്തി പോലും നാളിതുവരെ ആരംഭിച്ചിട്ടില്ല. തുക നിക്ഷേപിച്ചതിന് ശേഷം പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് യാതൊരു മോണിട്ടറിംഗും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പ്രസ്തുത കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം, ആയതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/24.11.2022) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ പൂർത്തീകരിക്കാൻ പഞ്ചായത്ത് ഏജൻസികളിൽ കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമ്മർദ്ദം ചെലുത്തുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-26 പ്രിന്റിംഗ് പ്രവൃത്തിയ്ക്ക് അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് ചെലവ് (1/22) |
| വകയിരുത്തൽ | 150000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 123688/-<br>ട്രഷറി ബിൽ നം. 210503520131009142 15/10.1.2022- 46840/-<br>ട്രഷറി ബിൽ നം. 21050352013100966857/18.1.2022- 14000/-<br>ട്രഷറി ബിൽ നം. 21050352013101052736/3.2.2022 10800/-<br>ട്രഷറി ബിൽ നം. 21050352013101216950/26.2.2022- 52048/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്റ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. 46840/- രൂപ ഹരിശ്രീ ഓഫ്സെറ്റ് പ്രിന്റേഴ്സ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 34615/- രൂപ ഗുണഭോക്തൃ ലിസ്റ്റിന്റെ 35 ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെയും 12225/- രൂപ കിഴങ്ങുവർഗ്ഗവിള ഗുണഭോക്തൃ ലിസ്റ്റിന്റെ 25 ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെയും തുകയാണ്. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ പ്രിന്റിംഗ് ജോലികൾ ടെണ്ടർ ക്ഷണിച്ചതിന് പ്രകാരം ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത ഹരിശ്രീ ഓഫ്സെറ്റ് പ്രിന്റേഴ്സിനാണ് നൽകിയിട്ടുള്ളത്. ടി സ്ഥാപനം ക്വോട്ട് ചെയ്ത റേറ്റ് പ്രകാരം ഒരു പേജിനുള്ള ഡി.റ്റി.പി ചാർജ്ജ് 60/- രൂപയാണ്. ഇത് പ്രകാരം 315 പേജുകളുള്ള ഗുണഭോക്തൃ ലിസ്റ്റിന്റെ ഡി.റ്റി.പി ചാർജ്ജ് 18900/- രൂപയാണ്. ബാക്കിയുള്ള 34 ബുക്കുകൾക്ക് (34x315=10710 പേജുകൾ) ഫോട്ടോസ്റ്റാറ്റ് നിരക്ക് കണക്കാക്കിയാൽ 10710/- രൂപ മാത്രമാണ് . 35 ഗുണഭോക്തൃ ലിസ്റ്റുകൾക്ക് ആകെ ചെലവ് പരമാവധി 30000/- രൂപയിൽ കൂടുതൽ വരാൻ സാദ്ധ്യതയില്ല. മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരം 117 പേജുകളുള്ള കിഴങ്ങുവർഗ്ഗവിള ഗുണഭോക്തൃ ലിസ്റ്റിന്റെ 25 ബുക്കുകൾക്ക് 10000/- (7020+2808) രൂപ മാത്രമാണ് പരമാവധി ചെലവുണ്ടാകേണ്ടത്. ഏകദേശം 6840/- രൂപ ഈയിനത്തിൽ അധികമായി നൽകിയതിന്റെ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2. ഗ്രാമസഭ നോട്ടീസ് പ്രിന്റ് ചെയ്തതിന് ഹരിശ്രീ ഓഫ്സെറ്റ് പ്രിന്റേഴ്സ്, കലഞ്ഞൂരിന് 10800/- രൂപ നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഗ്രാമസഭ നോട്ടീസ്, കിഴങ്ങുവർഗ്ഗവിള ഗുണഭോക്തൃ ലിസ്റ്റ് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടില്ല.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/24.11.2022) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമ നം. 1-ൽ സൂചിപ്പിച്ച 6840/- രൂപ തിരികെ ഈടാക്കേണ്ടതും, ക്രമ നം. 2-ൽ സൂചിപ്പിച്ച 10800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-27 മാവേലി സ്റ്റോറിന് സൗകര്യം ഒരുക്കുന്നതിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സപ്ലൈകോ മാവേലി സ്റ്റോറിന് സഹായം നൽകൽ (152/22) |
| വകയിരുത്തൽ | 300000/- (തനത്) |
| ചെലവ് | 271345/-<br>ചെക്ക് നം. 6081807/10.2.2022 – 171345/-<br>ചെക്ക് നം. 6081817/8.3.2022 - 100000/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 171345/- രൂപ പുതുതായി ആരംഭിച്ച മാവേലി സ്റ്റോറിന്റെ വാടക നൽകുന്നതിനും, 100000/- രൂപ ഫർണീഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി നൽകിയിട്ടുണ്ട്. സ.ഉ (സാധാ.) 386/2019/തസ്വഭവ തീയതി 22.2.2019 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് പ്രസ്തുത സഹായം പഞ്ചായത്തിൽ നിന്നും നൽകുന്നത്. ഫർണീഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി സപ്ലൈകോ പറക്കോട് ഡിപ്പോ മാനേജർക്ക് തുക നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ വിവരം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കാത്തതിന്റെയും ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/24.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 വനിതകൾക്ക് കരാട്ടേ പരിശീലനം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപ്പഞ്ചായത്ത് 2021-22 സാമ്പത്തികവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന വനിതകൾക്ക് കരാട്ടേ പരിശീലനം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽനമ്പർ/തീയതി |
|---|---|---|
| 59/22, വനിതകൾക്ക് കരാട്ടേ പരിശീലനം | 16500 | 2105035201350124405/04.03.22 |

പദ്ധതിനിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. 2022 ഫെബ്രുവരിയിൽ 7- ാം വാർഡിൽ 15 പേർ 6 ദിവസവും, KVMS ഹാളിൽ വച്ച് 28 പേർ 6 ദിവസവും, കൂടൽ മാർക്കറ്റ് ഹാളിൽ വച്ച് 34 പേർ 9 ദിവസവും പങ്കെടുത്തതായി ഹാജർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശീലനം ലഭിച്ച 77 വനിതകളുടെ അപേക്ഷ, അവരെ തെരഞ്ഞെടുത്ത മാനദണ്ഡം, പ്രായം തെളിയിക്കുന്ന രേഖകൾ എന്നിവയുടെ വിവരം ഇല്ല.

2. പരിശീലനം ലഭിച്ച വനിതകൾക്ക് പരിശീലനം പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം നൽകിയിട്ടില്ല.

3. വനിതകൾക്ക് സ്വയം പ്രതിരോധ കഴിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചുവോയെന്നു സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/22 Dtd 23.11.22) പരിശീലനം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനും പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതിനും സാധിക്കാതിരുന്നത് എന്ന നിർവഹണോദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല. വനിതകളുടെ കഴിവും കായികബലവും വർദ്ധിപ്പിക്കാനുതകുന്ന ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പെട്ടിക്കട നിർമ്മാണത്തിന് വാല്യുവേഷൻ ഇല്ലാതെ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട നടത്തുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽനമ്പർ/തീയതി |
|---|---|---|---|
| 60/22, ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട | ബിന്ദു പി.ജെ കന്യാകുഴി താഴെതിൽ പാടം | 40000 | 21050352013501379094/19.03.22 |

പെട്ടിക്കട നിർമ്മിച്ചു നൽകിയത് AV എഞ്ചിനീയറിംഗ് വർക്സ്, ഉദയൻചിറ, മാങ്കോട് എന്ന സ്ഥാപനമാണ്. പെട്ടിക്കട നിർമ്മാണത്തിന് എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തികൾ നടത്തിയോ എന്നതു സംബന്ധിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ/ഓവർസിയർ വാല്യുവേഷൻ എടുത്തിട്ടില്ല. വാല്യുവേഷൻ ഇല്ലാതെ പ്രൊപ്രൈറ്ററുടെ അക്കൗണ്ടിലേക്ക് 40000/- രൂപ അനുവദിച്ച് നൽകിയ നടപടി ക്രമപ്രകാരമല്ല. ഗുണഭോക്താവിന് പെട്ടിക്കടക്ക് ആദ്യവർഷം നടത്തിപ്പിനുള്ള അവകാശവും തുടർന്ന് സ്വന്തമായി നല്കാവുന്നതുമാണ്. എന്നാൽ പെട്ടിക്കടയുടെ പ്രവർത്തനം സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. നിർദ്ധനരായ എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുന്നതിന് സഹായകരമായ ഇത്തരം പ്രോജക്ടുകളുടെ ഉദ്ദേശലക്ഷ്യം ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല

പാലിയേറ്റീവ് പദ്ധതിമാർഗ്ഗരേഖ സ.ഉ(സാധാ) നമ്പർ 553/19 ത.സ്വ.ഭ.വ തീയതി 07.03.2019 ഖ 2.9 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പാലിയേറ്റീവ് കമ്മിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കേണ്ടതുമാണ്. കൂടാതെ ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും PMC ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷം 27.08.21, 03.04.22 എന്നീ തീയതികളിൽ മാത്രമാണ് PMC യോഗം ചേർന്നിട്ടുള്ളത്. എന്നാൽ മെമ്പർ സെക്രട്ടറി യോഗത്തിൽ ഹാജരാകുകയോ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. കിടപ്പുരോഗികളുടെ ശാരീരികവും മാനസികവും സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പാലിയേറ്റീവ് കെയർപദ്ധതിയുടെ സുഗമമായ നടത്തിന് PMC കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിനും അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-31 അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ഗ്രാമപ്പഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി വിവിധ പദ്ധതികൾക്കായി മരുന്നുകൾ വാങ്ങുന്നതിന് ചുവടെ ചേർക്കും പ്രകാരം KMSCL എന്ന സ്ഥാപനത്തിനു മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന മരുന്നുകൾ | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 80/22, PHCയ്ക്ക് മരുന്നു വാങ്ങൽ | 500000 | 451149 | 48851 | 21050252014400295552/11.08.2021 |
| 72/22 പാലിയേറ്റീവ് പരിചരണം | 123507 | 112400 | 11107 | 21050352013300404017/13.09.2021 |

| | | | | |
|---|---|---|---|---|
| Do | 201480 | 157361 | 44119 | 210503520133007924/16.12.2021 |
| ആകെ | | | 104077 | |

മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകയിൽ അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 മുൻകൂർ തുക നൽകിയിട്ടും നാളിതുവരെ ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭിച്ചില്ല

2021-22 സാമ്പത്തികവർഷം ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 46/22,ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ | 350000 | 0 | 350000 | 21050352019200970855/18.01.22 |

മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്ന മുറക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 സ്കൂളുകളിൽ സ്ഥാപിച്ച ഉന്മൂർമൂഴി എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനരഹിതം.

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഉന്മൂർമൂഴി എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 491/20-21, 261/21-22, ഹൈസ്കൂളുകളിൽ ഉന്മൂർമൂഴി മാലിന്യ സംസ്കരണ യൂണിറ്റുകൾ. |
| കരാറുകാരന്റെ പേര് | അജയൻ R, ശ്രീ വിഹാർ, കലഞ്ഞൂർ. |
| ഫണ്ട് (വകയിരുത്തിയത്) | സംസ്ഥാനാവിഷ്കൃത ഫണ്ട് - 624565 |
| ചെലവഴിച്ചത് | 617658 |
| ചെക്ക് നമ്പർ / തീയതി | 6081811/22-02-2022 |

ഉന്മൂർമൂഴി മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2020-21 ൽ 7 ലക്ഷം രൂപ (GST ഉൾപ്പെടെ) വകയിരുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിലെ നാലു ഹൈസ്കൂളുകളിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിനായി 624565 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 19.02.2021 ൽ ഇ-ടെണ്ടർ ക്ഷണിയ്ക്കുകയും ചെയ്തിരുന്നു. 10.10% ടെണ്ടർ കുറവു ക്വോട്ട് ചെയ്ത ശ്രീ അജയൻ എന്ന കരാറുകാരന്റെ 561483 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ഇദ്ദേഹത്തിനു 09-07-2021 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. കരാറുകാരനുമായി 20-07-2021 ൽ കരാറിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് ചില അധിക ഇനം ഉൾപ്പെടുത്തുകയും ചില ഇനങ്ങൾ ഒഴിവാക്കിയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സ്കൂളുകളുടെ എണ്ണം മൂന്നായി കുറയ്ക്കുകയും ചെയ്തു (മാങ്കോട്, കലഞ്ഞൂർ, കൂടൽ). നിർമ്മാണം പൂർത്തീകരിച്ച് 10-02-2022 ൽ ചെക്ക് മെഷർമെന്റ് നടത്തുകയും ഫൈനൽ ബിൽ തുക കരാറുകാരനു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.



പദ്ധതി നടപ്പാക്കിയ കലഞ്ഞൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തിയ പരിശോധനയിൽ നിർമ്മാണം പൂർത്തിയാക്കിയ ഉന്മൂർമൂഴി യൂണിറ്റുകളിൽ നാളിതുവരെ മാലിന്യ സംസ്കരണം നടത്തിയിട്ടില്ലായെന്നു കണ്ടു. അന്വേഷണത്തിൽ ബാക്ടീരിയ എൻറിച്ച്ഡ് ഇനോക്യുലം ലഭ്യമാകാത്തതും സ്കൂളുകളിലെ ശുചീകരണ ജീവനക്കാർക്ക്

ആവശ്യമായ പരിശീലനം നൽകാത്തതും മൂലം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാതെ വെറുതെ കിടക്കുകയാണെന്നു അറിയാൻ കഴിഞ്ഞു. എസ്റ്റിമേറ്റിൽ ഇനോക്കുലം വാങ്ങുന്നത് ഉൾപ്പെടുത്താതെയിരുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/26-11-2022) അധികൃതർ മറുപടി നൽകിയിട്ടില്ല. 6 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിക്കപ്പെട്ട യൂണിറ്റ് യഥാവിധി പ്രവർത്തന സജ്ജമാക്കാൻ അടിയന്തിര പരിഗണന നൽകേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-34 22.18 ലക്ഷം ചെലവഴിച്ച പകൽ വീട് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉപേക്ഷിക്കപ്പെട്ടു,

2019-20 മുതൽ 2021-22 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ / ICDS സൂപ്പർവൈസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 22.18 ലക്ഷം രൂപ ചെലവഴിച്ചു നടപ്പാക്കിയ പകൽവീട് പദ്ധതി ഉപേക്ഷിക്കപ്പെട്ട രീതിയിലുള്ളതായി കണ്ടു.

| വർഷം | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| പ്രൊജക്ട് നമ്പർ / പേര് | 319/19-20, പകൽ വീടിനു ഭൗതിക സാഹചര്യം ഒരുക്കൽ | 343/20-21, പകൽ വീടിനു ഭൗതിക സാഹചര്യം ഒരുക്കൽ | 246/21-22, പകൽ വീടിനു ഭൗതിക സാഹചര്യം ഒരുക്കൽ |
| ഫണ്ട് ചെലവഴിച്ചത് | 908681 | 900617 | 292311 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 382/20-21, പകൽ വീടിനു ഭൗതിക സാഹചര്യം ഒരുക്കൽ | |
| | | 117088 | |
| | | ICDS സൂപ്പർവൈസർ | |
| ആകെ | 908681 | 1017705 | 292311 |



നാളിതു വരെ 2218697 രൂപ ചെലവഴിച്ചിട്ടും കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലാണ് കണ്ടത്. പകൽവീട് പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/26-11-2022) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്കു നൽകുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 200000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 1340000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1340000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | 100000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 373187 | നെല്ലിമുരുപ്പ് കുടിവെള്ള പദ്ധതി | 373187 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 72327 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 72327 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 181500 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 181500 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം (പട്ടികജാതി) | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 4880000 | ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | 4880000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം (ജനറൽ) | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | ചെക്ക് നം. 5210691/27.10.21 | 362732/- | 0 | 362732/- |
| | പറയൻകോട് മലനട ഭാഗത്തെ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | R022202427785/17.2.2022 | 99120/- | 0 | 99120/- |
| കേരള വാട്ടർ അതോറിറ്റി | കഞ്ചോട് കുടിവെള്ള പദ്ധതി | 21050352013101168477/17.2.2022 | 1896000/- | 0 | 1896000/- |
| | സ്റ്റേഡിയം കുടിവെള്ള പദ്ധതി | 21050352013101143668/17.2.2022 | 1700000/- | 0 | 1700000/- |
| ഭൂജല വകുപ്പ് | 74-ാം നമ്പർ അംഗൻവാടി കുഴൽകിണർ നിർമ്മാണം | 21050352013101470403/26.3.2022 | 96372/- | 0 | 96372/- |
| | നിരവേൽ പൊടിമണ്ണിൽ കുടിവെള്ള പദ്ധതി | R032204289864/ 26.3.2022 | 1000000/- | 0 | 1000000/ |
| | പറയോട് ചാവടിമല കുടിവെള്ള പദ്ധതി | R032204400109/ 26.3.2022 | 150000/- | 0 | 150000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തെ തുകയുൾപ്പെടെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി *സ.ഉ (കൈ.) 100/2018 /തസ്വഭവ* | 7028392 | 11468392 | 3300000 | 0 | 8168392 |

| | | | | | |
|---|---|---|---|---|---|
| *തീയതി 30.7.2018* | | | | | |

## 4-5 സ്ഥിര നിക്ഷേപം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക്, കലഞ്ഞൂർ (എഫ്.ഡി-60/106/06) | 31.12.2019 | 10 വർഷം | 5936/- |
| 2 | സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക്, കലഞ്ഞൂർ (എഫ്.ഡി-60/106/07) | 31.12.2019 | 10 വർഷം | 4024/- |
| | | | | 9960/- |

തൻവർഷം പലിശയൊന്നും ലഭിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1<br>2-2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143746073 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 117090116 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2010735/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-18 | 1899935/- | ശ്രീ. മൈക്കിൾ സി, സെക്രട്ടറി |
| 1-26 | 10800/- | ശ്രീ. മൈക്കിൾ സി, സെക്രട്ടറി |
| 1-27 | 100000/- | ശ്രീ. മൈക്കിൾ സി, സെക്രട്ടറി |
| | 2010735/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മൈക്കിൾ സി, സെക്രട്ടറി | സെക്രട്ടറി, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | വിമല വീട്, പേരയം, കുമ്പളം പി.ഒ, മുളവന (വഴി), കൊല്ലം ജില്ല 691503 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 3/851/2000 തീയതി 05-11-2001 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2/173/2003 തീയതി 31-05-2003 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/537/2005 തീയതി 15-10-2005 | 3 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി10/1141/2007 തീയതി 28-02-2009 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/185/2007 തീയതി 27-03-2007 | 10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി10/1138/2007 തീയതി 31-12-2008 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി9/836/2011. തീയതി 06.12.2011 | 19 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/873/2011 തീയതി 30-12-2011 | 5 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി10/1108/2012 തീയതി 06-04-2013 | 11 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി.10/667/2014 തീയതി 11-12-2014 | 3 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-10-719/2015 തീയതി 06.08.2015 | 10 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-10-1384/2016 തീയതി 04.01.2016 | 34 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-10-825/2017 തീയതി 28.07.2017 | 7 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി10/1143/2018, തീയതി 10.08.2018 | 15 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി10/624/2019 തീയതി 24.07.19 | എല്ലാ ഖണ്ഡികകളും |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി10-754/2021 തീയതി 20.12.2021. | എല്ലാ ഖണ്ഡികകളും |
| 2020-21 | നം.കെ.എസ്.എ.പി.റ്റി.എ.പി10-755/2021 തീയതി 20.12.2021. | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്